ഒരു വ്യാഴവട്ടക്കാലത്തിന് മുൻപ്...

കൈരളി ചാനലിൽ കലാകാരൻമാരും കലാകാരികളും സകുടുംബം പങ്കെടുക്കുന്ന സംഗീതപരിപാടിയുടെ നൂറാമത് എപ്പിസോഡ്. പ്രശസ്ത സംഗീതസംവിധായകൻ ശരത്, പ്രശസ്ത ഗായിക സൗമ്യ, നടനും സംവിധായകനും ആയ വേണു നാഗവള്ളി തുടങ്ങിയവർ വിധികർത്താക്കൾ. പെൺകുട്ടി കൂടെയെത്തിയ പ്രശാന്തിനൊപ്പം പാടി.. "തെൻട്രൽ വന്ന് എന്നൈ തൊടും...".
പാടി തീരുമ്പോൾ വേദിയിൽ നിറഞ്ഞ കരഘോഷം. ഏത് പാട്ടും ഏത് മൂഡിലേതായാലും പാടാൻ കഴിവുള്ള കുട്ടി.. എന്ന് വേണു നാഗവള്ളി പറയുമ്പോൾ പെൺകുട്ടിയുടെ കണ്ണിൽ ആനന്ദാശ്രു പൊടിഞ്ഞു.

പിന്നീട് നടന്ന ഫൈനൽ റൗണ്ടിൽ "ഇന്ദ്രനീലിമയോലും ഈ മിഴിപ്പൊയ്കകളിൽ..."
എന്ന ഗാനം പാടി പെൺകുട്ടിയുടെ കുടുംബം മൂന്നാം സ്ഥാനം നേടി. ഈ നേട്ടം സംഗീതം അത്രയ്ക്കൊന്നും ശാസ്ത്രീയമായി അഭ്യസിച്ചിട്ടില്ലാത്ത പെൺകുട്ടിയുടെ ആത്മവിശ്വാസം വാനോളം ഉയർത്താൻ പോന്നതായിരുന്നു. ഇനിയും കൂടുതൽ ഉയരണം എന്ന മോഹം അന്ന് മനസ്സിൽ മൊട്ടിട്ട ആ പെൺകുട്ടിയാണ് ഇന്നത്തെ നമ്മുടെ താരം.

ദേവി ഗോദവർമ്മ,
ബാങ്ക് ഓഫ് ബറോഡ,
കഴക്കൂട്ടം ശാഖ,
തിരുവനന്തപുരം.

ഹരിപ്പാട് ചെമ്പ്രോൾ കൊട്ടാരത്തിലെ ശ്രീ ഗോദവർമയുടെയും കവടിയർ രാജകുടുംബവുമായി ബന്ധമുള്ള മാവേലിക്കര എണ്ണക്കാട് കൊട്ടാരത്തിലെ സുമാഭായിയുടെയും മകളായി ജനിച്ച ദേവിയുടെ ജനനവും ബാല്യകാലവും തിരുവനന്തപുരത്തായിരുന്നു. അച്ഛൻ തിരുവിതാംകൂർ ദേവസ്വം ബോർഡിൽ അസിസ്റ്റന്റ് കമ്മിഷണറും അമ്മ ശ്രീ ചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ടിലെ ഓഫീസ് സൂപ്രണ്ടും ആയിരുന്നു.

സെയിന്റ് ശാന്താൾ സ്കൂളിൽ പ്രീസ്കൂളും വെള്ളയമ്പലം ശ്രീ വിദ്യാധിരാജ വിദ്യാമന്ദിറിൽ സ്കൂൾ വിദ്യാഭ്യാസവും പൂർത്തിയാക്കിയ ദേവി സ്കൂൾ തലത്തിൽ നൃത്തം, ലളിതഗാനം എന്നിവയിൽ ഒക്കെ പങ്കെടുത്തിരുന്നെങ്കിലും കൂടുതൽ പങ്കാളിത്തം ഗ്രൂപ്പിനങ്ങളിൽ ആയിരുന്നു.

എഞ്ചിനീയറിംഗ് പഠനത്തിന് മരിയൻ എഞ്ചിനീയറിംഗ് കോളേജിൽ എത്തിയതോടെയാണ് ദേവിയുടെ കലാവൈഭങ്ങൾക്ക് ചിറക് വിടർന്നത്. സംഗീതം ആണ് തന്റെ മേഖല എന്ന് തിരിച്ചറിഞ്ഞ തും അക്കാലത്താണ്.

കോളേജ് പഠനകാലത്ത് കോളേജിനെ പ്രതിനിധീകരിച്ച് വിവിധ മത്സരങ്ങളിലും പരിപാടികളിലും ദേവി പങ്കെടുത്തു. കോളേജ് വിദ്യാർഥികൾക്കായി കൈരളി ടീവി നടത്തിയ,ശ്വേതാമേനോൻ അവതാരകയായ "സ്റ്റാർവാർസ്" എന്ന പരിപാടിയിലും മത്സരാർത്ഥികൾ സകുടുംബം പങ്കെടുക്കുന്ന "എല്ലാരും പാടണ്"എന്ന പരിപാടിയിലും മിന്നുന്ന പ്രകടനം കാഴ്ച വക്കാൻ ദേവിക്ക് കഴിഞ്ഞു. എല്ലാരും പാടണ് എന്ന പരിപാടിയിലെ ഫൈനലിസ്റ്റുകളിൽ ഒരാളായി ദേവി മൂന്നാം സ്ഥാനവും നേടി.

ഈ പരിപാടികളിൽ നിന്നും ലഭിച്ച പരിചയമാണ് എ സി വിയിലെ മാസ്റ്റേഴ്സ്, ഹൃദയരാഗം തുടങ്ങിയ പരിപാടികളിൽ പാടാനും അവതാരകയാവാനും ദേവിക്ക് വഴിയൊരുക്കിയത്.

അക്കാലത്ത് തിരുവനന്തപുരം ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിൽ നടന്ന ഒരോണാഘോഷ പരിപാടിയിൽ പ്രശസ്തഗായകൻ കാർത്തിക്കിനൊപ്പം പാടാൻ കഴിഞ്ഞ മുഹൂർത്തം മനസ്സിൽ ഒരു മയിൽപീലിത്തുണ്ട് പോലെ സൂക്ഷിക്കുന്നുണ്ട് ദേവി.
ഒരു ദേവരാജൻ മാസ്റ്റർ അനുസ്മരണത്തിന് നടത്തിയ സംഗീതപരിപാടിയിൽ അർജുനൻ മാഷിന്റെ സാന്നിദ്ധ്യത്തിൽ പാടാനും ആ ദിവ്യാനുഗ്രഹം നേടാനും കഴിഞ്ഞതും ദേവിയുടെ ഓർമയിലെ വർണനിമിഷങ്ങളാണ്. സംഗീതം സിരകളിൽ കൂടുതൽ കൂടുതൽ ലഹരി പടർത്തിയ നിമിഷങ്ങൾ.
ആ കാലം നിരവധി സ്റ്റേജ് പരിപാടികളാൽ സുരഭിലാമായിരുന്നു എന്ന് ദേവി ഓർക്കുന്നു.

2008ൽ കോളേജ് പഠനം പൂർത്തിയാക്കിയ ദേവി സംഗീതപഠനം ശാസ്ത്രീയമായി അഭ്യസിക്കാൻ തുടങ്ങുന്നത് പിന്നീടാണ്.
ചെന്നൈ സ്വദേശിയായ വൈക്കം ജയചന്ദ്രൻ, അടുത്തിടെ അന്തരിച്ച കൊച്ചിക്കാരനായ എൻ പി രാമസ്വാമി എന്നിവരിൽ നിന്നും ശാസ്ത്രീയ സംഗീതം പഠിച്ച ദേവി ഒരു കൊല്ലക്കാലം തൃപ്പൂണിത്തുറയിലെത്തി ഉസ്താദ് ഫയസ് ഖാനിൽ നിന്നും ഹിന്ദുസ്ഥാനി സംഗീതവും അഭ്യസിച്ചു. ഇന്നും അത് തുടരുന്നു, ഓൺലൈൻ ആയി ആണെന്ന് മാത്രം.

2010ൽ ഇൻഫോപാർക്കിൽ സീനിയർ ബിസിനസ് അനലിസ്റ്റ് ആയ വിവേക് ദേവിയുടെ രാഗങ്ങൾക്ക് കൂട്ടായെത്തി. 2014ൽ ദേവി വിജയാബാങ്കിൽ പ്രൊബേഷനറി ഓഫീസർ ആയി ഔദ്യോഗിക ജീവിതത്തിന് തുടക്കം കുറിച്ചു. പിന്നീട് വിവേകിന്റെ ജോലിസ്ഥലത്തേക്കെത്താൻ സ്ഥലം മാറ്റം വാങ്ങി മട്ടാഞ്ചേരി ശാഖയിൽ എത്തിയെങ്കിലും കുട്ടികൾക്കും മാതാപിതാക്കൾക്കും വേണ്ടി വീണ്ടും തിരുവനന്തപുരത്തേക്ക് മടങ്ങിയെത്തുകയായിരുന്നു. ബാങ്ക് ലയനത്തോടെ ബാങ്ക് ഓഫ് ബറോഡായുടെ കഴക്കൂട്ടം ശാഖയിൽ ആണിപ്പോൾ ദേവി.

ദേവിയുടെ സംഗീതവല്ലരിയിൽ പൂവിട്ട രണ്ട് കുസുമങ്ങളിൽ ഒരാൾ പട്ടം കേന്ദ്രീയവിദ്യാലയത്തിൽ നാലാം ക്ളാസ്സ് വിദ്യാർത്ഥിനിയായ നിവേദിത വർമയും മറ്റൊരാൾ രണ്ട് വയസ്സുകാരൻ ആദികേശവവർമയും. രണ്ടാളും അമ്മയുടെ സംഗീതസപര്യക്ക് പിന്തുണയുമായി ഒപ്പമുണ്ട്.
നല്ലൊരു ഗായകൻ കൂടിയായ സഹോദരൻ രാജാറാം റിലയൻസ് ഇൻഷുറൻസിൽ ജോലി ചെയ്യുന്നു.

അടുത്തിടെ പുറത്തിറങ്ങിയ "തിരുവേഗപ്പുറയുള്ള ഭഗവാൻ..." എന്ന് തുടങ്ങുന്ന ദേവിയുടെ കവർസോങ്ങിന് ആരാധകർ ഏറെയായിരുന്നു. ഇക്കാലത്ത് ചില പരസ്യചിത്രങ്ങളിലും ദേവിയുടെ ശബ്ദസാന്നിധ്യമുണ്ടായി.

നിരവധി ഭക്തിഗാന ആൽബങ്ങൾക്ക് ശബ്ദം പകർന്ന ഈ ഗായിക നമ്മുടെ ടി ബി കുടുംബത്തിലെ രഞ്ജിത്ത് എഴുതി നിർമിച്ച "ദേവീപ്രസാദം"എന്ന സംഗീതാൽബത്തിലും തന്റെ മധുരശബ്ദം പകർന്നിട്ടുണ്ട്.

കലയും കലാജീവിതവും പ്രമേയമാക്കി ആര്യചിത്ര ഫിലിംസിന്റെ ബാനറിൽ പുറത്തിറങ്ങിയ 'ഒരു ദേശവിശേഷം' എന്ന സിനിമ ഒട്ടേറെ പുതുമകളും വേറിട്ട കാഴ്ചകളുമൊരുക്കിയ ദൃശ്യവിരുന്നായിരുന്നു. മലയാള സിനിമയിൽ ഇന്നേവരെ പരീക്ഷിച്ചിട്ടില്ലാത്ത ഒരു പുതുമയുമാണ് ആ ചിത്രം പുറത്ത് വന്നത്. കേരളത്തിലെ പ്രമുഖ തായമ്പക കലാകാരന്മാരായ പോരൂർ ഉണ്ണികൃഷ്ണൻ, കല്പാത്തി ബാലകൃഷ്ണൻ എന്നിവരാണ് ആ ചിത്രത്തിൽ കേന്ദ്ര കഥാപാത്രങ്ങളെ അവതരിപ്പിച്ചത്. ചലച്ചിത്രപ്രേമികളുടെ ശ്രദ്ധ വേണ്ട പോലെ പതിയാഞ്ഞ ആ ചിത്രത്തിൽ ഉണ്ണി നമ്പ്യാരുടെ സംഗീതത്തിൽ അനൂപ് എഴുതിയ "പ്രിയമാനസാ അണയുക നീ...."എന്ന പദം പാടാൻ കിട്ടിയത് ഒരു വലിയ അനുഗ്രഹമായി കാണുന്ന ഈ ഗായികക്ക് ഇനിയും ഉയരങ്ങൾ താണ്ടാൻ കഴിയട്ടെ. ടാലന്റഡ് ബാങ്കേഴ്ഴ് കുടുംബത്തിന്റെ സ്നേഹാശംസകൾ.

-----------------------------------------------------------------------------------------------

തയ്യാറാക്കിയത് : അനിൽ ഉണ്ണിത്താൻ ( Anil Unnithan), സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ, അഞ്ചാലുംമൂട് ശാഖ, കൊല്ലം

English version: Arya Gayathry , State Bank of India, Pallickal Branch

അവതരണം : സ്വപ്നരാജ് (Swapna Raj), സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, അരക്കിണർ മീഞ്ചന്ത ബ്രാഞ്ച്, കോഴിക്കോട്

-----------------------------------------------------------------------------------------------

Around 12 years back.. a girl sang, “ Thendral vannu ennai thodum...” alongside Prasanth at the 100th episode of a musical programme where talented singers performed with their families. The judges were well-known music director Sarreth, famous singer Sowmya and actor-director Venu Nagavally. The hall reverberated with applause as she finished the song.

“A girl so talented, she could easily sing any song of any mood or genre..” said Venu Nagavally

and tears of gratitude rolled down her cheeks.

The girl's family sang "Indraneelimayolum ee mizhi poikakalil.." at the final round and won the third prize in the reality show. This feat was a real boost to the girl's self confidence as she had not had much organised lessons in music. That girl who then decided she would persevere to excel, is our talented banker today.

Devi Godavarma
Bank of Baroda
Kazhakuttom Branch
Thiruvananthapuram

Born to Sri. Godavarma of Haripad Chembrol palace and Smt. Sumabhai of Mavelikkara Ennakkadu palace( related to the Kowdiar royal family), Devi spent her childhood at Thiruvananthapuram. Her father was the Assistant Commissioner of the Thiruvithamkoor Devaswom board and her mother was the office superintendent at the Sri Chithira Thirunal Institute.

Devi did pre schooling at St.Shantal school and schooling from Vellayambalam Sri Vidyadhiraja Vidya Mandir and though she participated in dance and light music competitions at school level, she mainly took part in group events.

Her artistic talents took wings as she joined Marian Engineering college.. that was around when she realized music was her forte.

She participated in various competitions representing her college. She took part in a reality show conducted by the Kairali TV for college students anchored by Swetha Menon and named "Starwars" and also a programme where participants performed with their families, called "Ellarum paadanu". She could make a scintillating performance in both the events and also was shortlisted in the finale and won the third prize in the programme "Ellarum paadanu".

Her experience from these events paved way to her singing and anchoring for the programmes "Masters" and "Hridayaragam" in ACV.

Devi cherishes the chance she got to sing alongside the famous singer Karthik during an Onam celebration conducted at the Chandrasekharan Nair stadium, Thiruvananthapuram during one of those years. She also holds close to her heart the opportunity she got to sing before Arjunan mash and receive his blessings during a musical event held in memory of Devarajan master.. moments when the rhythm of music mixed with the being itself.. She remembers that she appeared in various stage shows during the time.

It was after the completion of her college education in 2008 that she started her music lessons. She studied Carnatic music under Vaikom Jayachandran from Chennai and N.P Ramaswamy( recently deceased) from Kochi, and also spent a year at Thripunithura learning Hindustani music from Ustad Fayaz Khan. She still continues this, only now the classes are online.

In 2010 she married Vivek who is senior business analyst at Infopark. She started her career in 2014 by joining Vijaya Bank as a Probationary Officer. Though she requested for spouse joining and went to Mattancheri branch, Devi returned to Thiruvananthapuram for her parents and kids. With the bank merger, she is presently posted at Kazhakuttom branch, Bank of Baroda.

Her little ones, Niveditha Varma – a 4th grader at the Pattom Kendriya Vidyalaya and 2-year-old Adikesava Varma are real supporters of their mother's talent. Her brother Rajaram, who too is a good singer, works for the Reliance Insurance.

The recently released cover song by Devi, "Thiruvegappurayulla bhagavan" was widely appreciated. She has also voiced a few advertisement videos.

Devi, who has sung in various devotional albums, has also imparted her melodious voice to the musical album "Deviprasadam" written and produced by our Talented Banker Ranjith.

A movie based on arts and lives of artists released under Aryachithra films banner, ' Oru desavisesham' is a differently made one, bringing light to many new perspectives. This movie also showcases something that has not been experimented earlier in Malayalam cinema. The protagonists in the movie are renowned thayambaka artists Porur Unnikrishnan and Kalpathi Balakrishnan. The movie that didn't receive much attention from movie lovers has a padam written by Anoop and composed by Unni Nambiar, "Priyamanasa anayuka nee", sung beautifully by Devi.

We, Talented Bankers wish Devi success in all her endeavours and look forward to seeing her climb heights in her musical journey.